കേരള സർക്കാർ

## ധനകാര്യ (നോഡൽസെന്റർ -ബി) വകുപ്പ്

നം.61/2013/ധന

തീയതി, തിരുവനന്തപുരം, 05.08.2013

## സർക്കുലർ

വിഷയം:- നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്-പഴയ പി.ഡബ്ല്യൂ.ഡി നിരക്കിൽ ഭരണാനുമതി ലഭിച്ചതും ടെണ്ടർ ക്ഷണിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികൾക്ക് പുതുക്കിയ പി.ഡബ്ല്യൂ.ഡി നിരക്കിൽ ഭരണാനുമതി നൽകുന്നത് സംബന്ധിച്ച്:-

സൂചന:- സ.ഉ.(പി) നം. 332/12/ധന തീയതി 11.06.2012

നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൻ കീഴിലുള്ള പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റ് (Current SoR) പ്രകാരമായിരിക്കണം എന്ന് സൂചന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് പൊതുവെ ബാധകമായ എല്ലാ നടപടിക്രമങ്ങളും ആസ്തി വികസന ഫണ്ടിൻകീഴിലുള്ള പ്രവൃത്തികൾക്കും ബാധകമാണ്.

2. ആസ്തി വികസന ഫണ്ടിൻകീഴിൽ പഴയ പി.ഡബ്ല്യൂ.ഡി നിരക്കിൽ ഭരണാനുമതി ലഭിച്ചതും എന്നാൽ ടെണ്ടർ ക്ഷണിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതിയ SoR നിരക്കിന്റെ (SoR 2012) അടിസ്ഥാനത്തിൽ പുതുക്കാനും അതിന്റെയടിസ്ഥാനത്തിൽ പുതുക്കിയ ഭരണാനുമതി ലഭിക്കുവാനും ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എം.എൽ.എ.യുടെ ശുപാർശ സഹിതം സമർപ്പിക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ എല്ലാ നിർവ്വഹണ വകുപ്പ് തലവന്മാരും സ്വീകരിക്കേണ്ടതാണ്.

**ഡോ.വി.പി.ജോയ്**
**പ്രിൻസിപ്പൽ സെക്രട്ടറി(ധനകാര്യം)**

To

1. എല്ലാ എം.എൽ.എ.മാർക്കും
2. എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
3. ധനകാര്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
4. ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഡെപ്യൂട്ടി സെക്രട്ടറി
5. ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (ഫിനാൻസ് റിസോഴ്സസ്) ന്റെ സി.എ
6. ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി (റോഡ്സ്&ബ്രിഡ്ജസ്, ബിൽഡിംഗ്സ്) ഇറിഗേഷൻ, തദ്ദേശ സ്വയം ഭരണ വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള എല്ലാ വകുപ്പ് തലവൻമാർക്കും
7. നോഡൽ ഓഫീസർ (ഫിനാൻസ്) www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ